"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- പോലീസ് വകുപ്പ്- മൗണ്ടഡ് പോലീസ് സേനയിലെ കുതിരകൾക്ക് ഭക്ഷണവും അനുബന്ധ സാധനങ്ങളും 2024ഏപ്രിൽ മുതൽ 2025 മാർച്ച് വരെ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിന്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1491/2024/HOME തീയതി,തിരുവനന്തപുരം, 28-05-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.2404/2023/ആഭ്യന്തരം തീയതി 23.08.2023.

2. 20.04.2024, 03.05.2024 എന്നീ തീയതികളിലെ സംസ്ഥാന പോലീസ് മേധാവിയുടെ എച്ച്2-74215/2024/ആഭ്യന്തരം നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം 2023സെപ്റ്റംബർ മുതൽ 2024 മാർച്ച് വരെ മൗണ്ടഡ് പോലീസ് സേനയിലെ കുതിരകൾക്ക് ഭക്ഷണവും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 27ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് നൽകിയിരുന്നു. തുടർന്ന് 2024ഏപ്രിൽ മുതൽ 2025 മാർച്ച് വരെ കുതിരകളുടെ ഭക്ഷണവും അനുബന്ധ സാമഗ്രികളും ഇ-ടെണ്ടർ വഴി വാങ്ങുന്നതിനായി 24 ലക്ഷം രൂപ 2055-00-109-99-77 Animal feed (NV) എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024ഏപ്രിൽ മുതൽ 2025 മാർച്ച് വരെ മൗണ്ടഡ് പോലീസ് സേനയിലെ കുതിരകൾക്ക് ഭക്ഷണവും അനുബന്ധ സാമഗ്രികളും ഇ-ടെണ്ടർ വഴി വാങ്ങുന്നതിനായി 24,00,000/-രൂപ (ഇരുപത്തിനാല്ല ലക്ഷം രൂപ മാത്രം) 2055-00-109-99-77 Animal feed (NV) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് നിലവിലെ ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി ഭരാണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ)കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (23.05.2024ലെ വ്യയം എ3/608/2023/ധന(2643432) പ്രകാരം)

ഡയറക്ടർ, ഐ& പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Jalaja Kumari M S

Date: 28-05-2024 17:22:17

സെക്ഷൻ ഓഫീസർ